ആകുന്നത് അടുത്തത് ഡ്യൂ ആകുന്നതിനു മുൻപാണ് കൊടുത്തു വരുന്നത്. അങ്ങനെ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അപ്പോഴും ഈ പറഞ്ഞ കണക്കിന് കൃത്യശിക്കയൊന്നും ഇല്ല. മലപ്പുറം ജില്ലയിൽ ഏതാനും ആളുകൾക്ക് കൊടുക്കാനുണ്ടെന്നറിഞ്ഞിട്ടുണ്ട്. ഈ പറയുന്ന രീതിയിലുള്ള കൃത്യശിക്കയൊന്നും ഇല്ല. മാർച്ച് മാസംവരെ ലേബർ ഡിപ്പാർട്ടുമെൻറിൽ വന്നിട്ടുള്ള എല്ലാ പെറ്റീഷനുകളും ഡിസ്പോസ് ചെയ്തിട്ടുണ്ട്. വില്ലേജാഫീസിൽ എത്രയുണ്ടെന്നന്വേഷിച്ചിട്ടേ പറയാൻ കഴിയുകയുള്ളൂ.

(7) നെടുമുടി–പള്ളാത്തുരുത്തി പാലങ്ങൾ

ശ്രീ. വി. ദിനകരൻ: സർ, അങ്ങേയ്ക്കുകൂടി താൽപര്യമുള്ള ഒരു വിഷയമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി, നെടുമുടി പാലങ്ങൾ ആലപ്പുഴയുടെതന്നെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായിട്ടുള്ള രണ്ടു പാലങ്ങളാണ്. 10 വർഷംമുമ്പ് മരിച്ചുപോയ മുൻമന്ത്രി ശ്രീ. ടി. കെ. ദിവാകരൻ തറക്കല്ലിട്ട പാലങ്ങളാണിത്. ഈ വർഷം അദ്ദേഹത്തിന്റെ 10-ാം ചരമ വാർഷികം ആചരിക്കുകയാണ്. ജനങ്ങൾ ഇപ്പോൾ വളരെ ബുദ്ധിമുട്ടുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഈ പാലങ്ങൾ നിർമ്മിക്കുന്നത്, ആവശ്യമായ ഫണ്ടില്ലാത്തതുമൂലം ഈ പാലത്തിന്റെ പണി ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. മൂത്തകുന്നം പാലമൊക്കെ എത്ര വേഗത്തിലാണ് തീർന്നത്. ആലപ്പുഴയ്ക്ക് ഇത് ഒരു ശാപമായി മാറിയിരിക്കുകയാണ്. നമ്മുടെ ധനകാര്യമന്ത്രി ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനം സ്വീകരിക്കാമെന്നു പറഞ്ഞു. നമ്മുടെ ഡെപ്യൂട്ടി മുഖ്യമന്ത്രി എപ്പോഴും തയ്യാറാണതിന്. ഈ വരുന്ന ജനുവരിക്കു മുമ്പുതന്നെ ഈ പാലത്തിന്റെ പണി പൂർത്തീകരിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണിയുടെ ഭരണ സമ്മാനമായി ആലപ്പുഴക്കാർക്ക് തെക്കു കിഴക്കൻ വെനീസ് എന്നറിയപ്പെട്ടിരുന്ന ആലപ്പുഴക്കാർക്ക് പഴയ നില പുനഃസ്ഥാപിച്ച് തരണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഈ നെടുമുടി–പള്ളാത്തുരുത്തി പാലങ്ങളുടെ സ്ഥിതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ വളരെ കർശനമായി പതിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നടപടി ഒരു സമയബന്ധിത പരിപാടി എന്നുള്ള നിലയ്ക്കുതന്നെ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ 16-ാം തീയതി ധനകാര്യ മന്ത്രിയുടേയും ധനകാര്യ വകുപ്പിലേയും പി. ഡബ്ലിയു. ഡി. യിലേയും K.S.C.C. യിലേയും ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ കോൺഫറൻസിൽവച്ച് സുനിശ്ചിതമായ ചില പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രശ്നം മാത്രമല്ല തൊഴിലാളി പ്രശ്നവും ഈ പാലത്തിന്റെ പണി നീട്ടിക്കൊണ്ടുപോകാൻ കാരണമായിട്ടുണ്ട്. അതിനെല്ലാം ആവശ്യമായ സംവിധാനമുണ്ടാക്കി സാമ്പത്തികമായ വിഷമം ഇല്ലാതാക്കാമെന്ന് ഫിനാൻസ്മന്ത്രി സമ്മതിച്ചിട്ടുണ്ട്. അതുപോലെതന്നെ ലേബർ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ സംവിധാനവും ഉണ്ടാക്കിക്കൊണ്ട് വരുന്ന മാർച്ച് 31-ാം തീയതിക്കു മുമ്പുതന്നെ പാലത്തിന്റെ പണി പൂർത്തിയാക്കണമെന്നുള്ള കർശനമായ നിർദ്ദേശം കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകിയിട്ടുണ്ട്. അതുപോലെ അവർ ചെയ്യുമെന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly